"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ പി.ജി. കോഴ്സ് (DM) ആരംഭിക്കുന്നതിനായി ഒരു പ്രൊഫസർ തസ്തിക സൃഷ്ടിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.187/2025/H&FWD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. സഉ(കൈ)നം.50/2021/ആ.കു.വ. തീയതി 19.02.2021
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 08.03.2025-ലെ DME/6967/2024-PB1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എ.ടി. ആശുപത്രിയിൽ ശിശുരോഗ വിഭാഗത്തിന് കീഴിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി യൂണിറ്റ് ആരംഭിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. നിലവിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി (PGE) യൂണിറ്റിൽ ഒരു ഫാക്കൽറ്റിയാണ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും പുതിയ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി യൂണിറ്റ് രൂപീകരിച്ചതിനുശേഷം, ഒ.പി. ദിവസങ്ങൾ ഒരു ദിവസത്തിൽ നിന്ന് രണ്ട് ദിവസമായി (തിങ്കൾ, വ്യാഴം) വർദ്ധിപ്പിച്ചുവെന്നും പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി ഒ.പി. - ൽ വളരെയധികം തിരക്ക് അനുഭവപ്പെടുന്നുണ്ടെന്നും ഒ.പി. ദിവസങ്ങളിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന പീഡിയാട്രിക്സ് വകുപ്പിലെ ജൂനിയർ റസിഡന്റിന്റെ സേവനം ഒപി/ഐപി/കൺസൾട്ടേഷൻ സേവനങ്ങൾ നൽകുന്നതിന് പര്യാപ്തമല്ലെന്നും ആയതിനാൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജിയിൽ ഡി.എം. പ്രോഗ്രാം ആരംഭിക്കുന്നതിനും പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി വകുപ്പ് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനും എൻ.എം.സി മാനദണ്ഡങ്ങൾ പാലിയ്ക്കുന്നതിലേയ്ക്കായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എ.ടി ആശുപത്രിയിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പ്രവർത്തനാനുമതി നൽകിയ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ പി.ജി. കോഴ്സ് (DM) ആരംഭിക്കുന്നതിനായുള്ള എൻ.എം.സി മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി, ഒരു പ്രൊഫസ്സർ തസ്തിക സൃഷ്ടിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (ആരോഗ്യ -ബി) വകുപ്പ് (3115236/HLT-B1/81/2025-FIN പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നം. 3095 പ്രകാരം)
ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

Signed by
Dhanya Sadasivan
Date: 05-07-2025 21:17:18

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: - 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി - യ്ക്ക്
2. ബഹു. ആരോഗ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി - യ്ക്ക്
3. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ - യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-07-2025

ഫയൽ നം. ബി2/82/2025/ആ.കു.വ. ഇനം നം: 3095

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക് ഗാസ്ട്രോ എന്ററോളജി വിഭാഗത്തിൽ പി.ജി. കോഴ്സ് (DM) ആരംഭിക്കുന്നതിലേക്കായി ഒരു പ്രൊഫസ്സർ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

WS (B)
Put up draft GO immly
2/7/2025

SO (B)
Put up urgently
2/7/25

3095

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ബി2/82/2025/ആ.കു.വ |
| 2. | വകുപ്പ് | ആരോഗ്യകുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക് ഗാസ്ട്രോ എന്ററോളജി വിഭാഗത്തിൽ പി.ജി. കോഴ്സ് (DM) ആരംഭിക്കുന്നതിലേക്കായി ഒരു പ്രൊഫസ്സർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 07.06.2025 |
| 5 | 1)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | അതേ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജനാർദ്ദനൻ കെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. രാജൻ എൻ ഖോബ്രഗഡെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.06.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.06.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ പി.ജി. കോഴ്സ് (DM) ആരംഭിക്കുന്നതിന് ഒരു പ്രൊഫസ്സർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് കുറിപ്പിലെ വിഷയം.

2. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗവും എസ് എ ടി ആശുപത്രിയിലെ ശിശുരോഗ വിഭാഗവും ചേർന്ന് 12/02/2014 ന് SAT ആശുപത്രിയിൽ ഗ്യാസ്ട്രോ എന്ററോളജി ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചതു മുതൽ, പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി (PGE) OP സേവനങ്ങൾ വിവിധ ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ, ലിവർ, ബിലിയറി, പാൻക്രിയാറ്റിക് രോഗങ്ങളുള്ള 23,000 (ഇരുപത്തി മൂവായിരം) ൽ അധികം കുട്ടികൾക്ക് വൈദ്യസഹായം നൽകുന്നതിൽ നിർണായക പങ്ക് വഹിയ്ക്കുകയും അതിനുശേഷം 19/02/2021-ലെ സ ഉ (കൈ) നം.50/2021/ആ കു വ പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ എസ് എ ടി ആശുപത്രിയിൽ ശിശുരോഗ വിഭാഗത്തിന് കീഴിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി യൂണിറ്റ് ആരംഭിയ്ക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുമുണ്ട്.

3. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ് എ ടി ആശുപത്രിയിൽ 29/07/2021 മുതൽ പ്രവർത്തനക്ഷമമായ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി (PGE) യൂണിറ്റിൽ നിലവിൽ ഒരു ഫാക്കൽറ്റിയാണ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പുതിയ PGE യൂണിറ്റ് രൂപീകരിച്ചതിനുശേഷം, SATH അധികാരികൾ OP ദിവസങ്ങൾ ഒരു ദിവസത്തിൽ നിന്ന് രണ്ട് ദിവസമായി (തിങ്കൾ, വ്യാഴം) വർദ്ധിപ്പിച്ചുവെന്നും PGE യൂണിറ്റ് സ്ഥാപിച്ചതിനെത്തുടർന്ന്, പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി (PGE) OP-യിൽ കനത്ത തിരക്ക് അനുഭവപ്പെടുന്നുണ്ടെന്നും കൂടാതെ ഒരു ഫാക്കൽറ്റിയെ ഉപയോഗിച്ച് PGE യൂണിറ്റ് കൈകാര്യം ചെയ്യുന്നത് വളരെ ബുദ്ധിമുട്ടായി മാറിയിരിക്കുന്നുവെന്നും ഒ പി ദിവസങ്ങളിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ

നിയമിക്കപ്പെടുന്ന പീഡിയാട്രിക്സ് വകുപ്പിലെ ജൂനിയർ റസിഡന്റിന്റെ സേവനം ഒപി/ഐപി/കൺസൾട്ടേഷൻ സേവനങ്ങൾ നൽകുന്നതിന് പര്യാപ്തമല്ലെന്നും 08/03/2025 തീയതിയിലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ് എ ടി ആശുപത്രിയിൽ പുതുതായി ആരംഭിച്ച പി ജി ഇ യൂണിറ്റിന്റെയും ഉടൻ പ്രവർത്തനക്ഷമമാകുന്ന പീഡിയാട്രിക് ജി ഐ എൻഡോസ്കോപ്പി സേവനങ്ങളുടെയും സുഗമമായ പ്രവർത്തനവും ഗുണനിലവാരവും, അധിക തസ്തികകൾ സൃഷ്ടിക്കുന്നത് വഴി ഉറപ്പാക്കാൻ കഴിയുമെന്നു മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജിയിൽ ഡി എം പ്രോഗ്രാം ആരംഭിക്കുന്നതിനും പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി വകുപ്പ് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനും NMC മാനദണ്ഡങ്ങൾ പാലിക്കുന്നതിലേക്കായി തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ എസ് എ ടി ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ പ്രൊഫസർ തസ്തിക ഉൾപ്പെടെ 4 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

5. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"Finance agrees to create a post of Professor for fulfilling the NMC norms for starting a DM program in Pediatric Gastroenterology with an annual commitment of Rs.33,01,818/-.

This has the approval of the Hon'ble Minister for Finance."

6. ധനകാര്യ വകുപ്പ് അനുമതി നല്കിയതിൻ പ്രകാരം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ് എ ടി ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി

വിഭാഗത്തിൽ പി.ജി. കോഴ്സ് (DM) ആരംഭിക്കുന്നതിന് ഒരു പ്രൊഫസ്സർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു: മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ടി നിർദ്ദേശം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ് എ ടി ആശുപത്രിയിൽ 9/02/2021-ലെ സ ഉ (കൈ) നം.50/2021/ആ കു വ പ്രകാരം പ്രവർത്തനാനുമതി നല്കിയ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ പി.ജി. കോഴ്സ് (DM) ആരംഭിക്കുന്നതിനായുള്ള എൻ എം സി മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി, വാർഷിക സാമ്പത്തിക ബാധ്യത 33,01,818/- രൂപയിൽ, ഒരു പ്രൊഫസ്സർ തസ്തിക സൃഷ്ടിയ്ക്കാമോ ?